

# ക്രൈസ്തവ ജീവിതം സഭയിലും സമൂഹത്തിലും

12

സീറോ മലബാർ സഭയുടെ വിശ്വാസ പരിശീലന പാഠാവലി.

# അദ്ധ്യായം രണ്ട്

# വിശ്വാസവിരുദ്ധ സിദ്ധാന്തങ്ങൾ



# വിശ്വാസവിരുദ്ധ സിദ്ധാന്തങ്ങൾ

- പ്രത്യശാസ്ത്രപരമായ ചില ആശയങ്ങൾ
- മനുഷ്യന്റെ സഹജവാസനകളിൽ നിന്ന് ഉത്ഭൂതമാകുന്ന പ്രവണതകൾ

- തിരുവചനം തെറ്റിദ്ധരിച്ചവരും തെറ്റായി വ്യാഖ്യാനിക്കുന്നവരും ഉയർത്തുന്ന വെല്ലുവിളികൾ

# 1. അജ്ഞേയവാദം (Agnosticism)

- ഭൗതികവും അനുഭവപ്രദവുമായ തലങ്ങൾക്കപ്പുറം കടന്നുചെല്ലാനുള്ള മനുഷ്യമനസ്സിന്റെ കഴിവിനെ ചോദ്യം ചെയ്യുന് ദാർശനിക നിലപാടാണ് അജ്ഞേയവാദം.

  - അവിടുത്തെ കണ്ടെത്താൻ മനുഷ്യൻ അശക്തനാണ്. എങ്കിൽ എന്തിനാണ് ഈശ്വരനെക്കുറിച്ചു മനുഷ്യൻ വ്യഗ്രത കാണിക്കുന്നത് ?

## 2. യുക്തിവാദം (Rationalism)

മനുഷ്യന്റെ അജ്ഞതയും ഭയവുമാണ് ഈശ്വരവിശ്വാസത്തിന്റെ ഉറവിടം. പ്രപഞ്ച പ്രതിഭാസങ്ങളുടെ യഥാർത്ഥകാരണം കണ്ടെത്താൻ കഴിയാത്ത മനുഷ്യൻ അവയെ വിശദീകരിക്കാൻ കെട്ടിച്ചമച്ച യുക്തിഹീനമായ സങ്കല്പമാണ് ഈശ്വരൻ. ശാസ്ത്രം നേടിത്തരുന്ന ഭൗതികനേട്ടങ്ങളാണു യുക്തിവാദികൾ ഉയർത്തിക്കാട്ടുന്നത്.

എന്നാൽ... യഥാർഥ ശാസ്ത്രജ്ഞന്മാർ യോജിക്കുന്നില്ല. ഈ പ്രപഞ്ചം മുഴുവൻ ഏതോ അദൃശ്യശക്തിയുടെ പ്രവർത്തനമേഖലയാണെന്നു ശാസ്ത്രജ്ഞന്മാർ.

## 3. ഭൗതികവാദം (Materialism)

- പദാർഥമാണു യാഥാർത്ഥ്യം, അതിനപ്പുറമൊന്നുമില്ല. ദൈവം, ആത്മാവ്, മരണാനന്തരജീവിതം ഇവയെല്ലാം മിഥ്യ. ചരിത്രത്തിന്റെ സ്രഷ്ടാവും വിധാതാവും മനുഷ്യൻ തന്നെ. പ്രപഞ്ചത്തിന്റെ ഉത്പത്തിയിലും ലക്ഷ്യത്തിലും ഭൗതികാതീതമായ ഒരു പങ്കു നിഷേധിക്കുന്നു. എന്നുമെന്നും സ്ഥിതിചെയ്യുന്ന ഭൗതിക പദാർഥങ്ങളുടെയെല്ലാം പ്രവർത്തനവും പ്രതിപ്രവർത്തനവും വഴി പ്രപഞ്ചം മുന്നോട്ടുപോകുന്നു.

അതിനാൽ ഒരു പ്രകൃത്യതീതശക്തിയുടെ ആവശ്യമില്ല എന്ന് അവർ വാദിക്കുന്നു. ഭൗതികവാദികളിൽ മുൻപിൽ നിൽക്കുന്നതു മാർക്സിസ്റ്റ് ചിന്തകരാണ്.




## 4. ഹ്യൂമനിസം (Humanism)

മനുഷ്യമഹത്വത്തിന്റെ പേരിൽ ദൈവത്തെ നിഷേധിക്കുന്നവർ. മനുഷ്യനാണ് എല്ലാറ്റിന്റെയും മാനദണ്ഡം. സ്വർഗവും നരകവും യുഗാന്ത്യത്തിലെ യാഥാർഥ്യങ്ങളല്ല മറിച്ച് ഈ ഭൂമിയിൽ തന്നെ സംഭവിക്കുന്ന കാര്യങ്ങളാണ്. മനുഷ്യനു ദൈവത്തെക്കൊണ്ട് ആവശ്യമില്ല.

- മനുഷ്യൻ തന്റെതന്നെ ആത്മസത്തയെ ആദർശവത്ക്കരിച്ചു
- രൂപംകൊടുക്കുന്ന സങ്കല്പ സൃഷ്ടിയാണു ദൈവമെന്നും,
- മനുഷ്യന്റെ സത്ത തന്നെയാണു ദൈവമെന്നും,
- മനുഷ്യൻ തന്റെ സങ്കല്പത്തിൽ കാണുന്ന ദൈവത്തിന്റെ പൂർണ്ണതയിലേയ്ക്കു വളരാൻ മനുഷ്യനു തന്നെ സാധിക്കുമെന്നു കരുതുന്ന
- ഹ്യൂമനിസ്റ്റുകളുമുണ്ട്.

# 5. കമ്മ്യൂണിസം (Communism)

- ഫ്രെഡറിക് ഏംഗൽസും (1818–1883) കാറൽമാർക്സും (1820–1895)
- നൂതനസാമൂഹിക വ്യവസ്ഥിതിയുടെ തത്വശാസ്ത്രം
- ഇന്ന് വിരലിലെണ്ണാവുന്ന രാജ്യങ്ങളിൽ മാത്രം.
- സാമ്പത്തിക അസമത്വത്തിനു പരിഹരമായി ഭൗതികവാദവും നിരീശ്വരവാദവും വർഗസമരവും.
- ലക്ഷ്യത്തിനുവേണ്ടി ഏതു മാർഗവും സ്വീകരിക്കാമെന്ന തെറ്റായ നിലപാട്.



- ഭൗതികമായതു മാത്രമാണു സത്യം എന്നു ശഠിക്കുന്ന കമ്മ്യൂണിസ്റ്റുകാർ പ്രപഞ്ചത്തിനതീതനായ ദൈവത്തിൽ വിശ്വസിക്കുന്നില്ല. അതിനാൽ ദൈവവിശ്വാസത്തിനും മതത്തിനും കമ്മ്യൂണിസത്തിൽ സ്ഥാനമില്ല.



- കമ്മ്യൂണിസം വെറും ഒരു മതേതര തത്വശാസ്ത്രമല്ല.
- നിരീശ്വരത്വത്തിൽ അധിഷ്ഠിതമായ ഒരു പ്രത്യയശാസ്ത്ര മാണത്.
- ഈശ്വരനും മനുഷ്യാത്മാവും മരണാനന്തരജീവിതവും ഇല്ല എന്നു തന്നെയാണ് ഈ പ്രത്യയശാസ്ത്രം പഠിപ്പിക്കുന്നത്.

കമ്മ്യൂണിസം പുലർത്തുന്ന മതനിഷേധം, നിരീശ്വരത്വം, ജനാധിപത്യത്തിന്റെ പേരിൽ നടപ്പിലാക്കുന്ന ഫാസിസം, അക്രമമാർഗ്ഗം, ലക്ഷ്യം മാർഗത്തെ സാധൂകരിക്കുന്നുവെന്ന തത്വം, വ്യക്തി സ്വാതന്ത്ര്യത്തിന്റെ നിഷേധം എന്നീ സിദ്ധാന്തങ്ങൾ ക്രിസ്തുവിശ്വാസികൾക്ക് അതിനെ അസ്വീകാര്യമാക്കുന്നു.



കമ്മ്യൂണിസം ഒരു നിരീശ്വര പ്രസ്ഥാനമായതിനാലും അക്രമ മാർഗത്തെ സാധൂകരിക്കുന്നതിനാലും സഭ ഈ പ്രത്യയശാസ്ത്രത്തെ എതിർക്കുന്നു. ക്രൈസ്തവ വിശ്വാസവും കമ്മ്യൂണിസത്തിന്റെ പ്രത്യശാസ്ത്രപരമായ നിലപാടുകളും തമ്മിൽ ഒരിയ്ക്കലും ചേർന്നുപോവുകയില്ല.



# വിയോജിപ്പിന്റെ പ്രധാനമേഖലകൾ

- 1. **നിരീശ്വരത്വവും മതനിഷേധവും**

- മതത്തെ മയക്കുമരുന്നായും ദൈവത്തെ മനുഷ്യന്റെ സങ്കല്പ സൃഷ്ടിയായും കാണുന്ന കമ്മ്യൂണിസത്തിന്റെ ഈ നിലപാടു സഭയ്ക്കു സ്വീകാര്യമല്ല.

- 2. **വർഗസമരവും അക്രമമാർഗവും**

- മനുഷ്യസമൂഹത്തിൽ ഭിന്നതയും ശത്രുതയും വളർത്തുന്ന ഈ നില പാട് ശത്രുക്കളെ സ്നേഹിക്കാനും സഹോദരങ്ങൾക്കുവേണ്ടി സ്വജീവൻ അർപ്പിക്കാനും പഠിപ്പിച്ച ഈശോയുടെ പ്രബോധനങ്ങൾക്കു വിരുദ്ധമായ തിനാൽ സഭയ്ക്കു സ്വീകാര്യമല്ല.



- **3. സ്വകാര്യസ്വത്തവകാശനിഷേധം**
- സ്വകാര്യസ്വത്തവകാശത്തെ സഭ ഒരിയ്ക്കലും തള്ളിപ്പറയുന്നില്ല. അതേസമയം സ്വകാര്യസ്വത്ത് പൊതുനന്മയെക്കൂടി ലക്ഷ്യം വച്ചുവേണം ഉപയോഗിക്കാൻ എന്നാണു സഭ പഠിപ്പിക്കുന്നത്.

- **4. തൊഴിലാളിയുടെ സർവാധിപത്യം**
- തൊഴിലാളിയുടെയും തൊഴിൽ ദാതാവിന്റെയും പരസ്പര പ്രാധാന്യം അംഗീകരിച്ചുകൊണ്ട് ഇരുകൂട്ടരുടെയും ന്യായമായ അവകാശങ്ങൾ സംരക്ഷിക്കപ്പെടണമെന്നതാണു സഭയുടെ നിലപാട്.

യുക്തിവാദം പോലുള്ള സിദ്ധാന്തങ്ങളും, മാർക്സിസം പോലുള്ള പ്രത്യയശാസ്ത്രങ്ങളും ഈശ്വരനെ നിഷേധിക്കുകയും മനുഷ്യസമൂഹത്തിന്റെ ഐക്യത്തെ ശിഥിലമാക്കുകയും ചെയ്യുമ്പോൾ ലോകത്തിന്റെ ധാർമ്മിക ശക്തിയായ സഭയ്ക്കു മൗനം പാലിക്കാനാവില്ല.

വഴിതെറ്റുന്ന ലോകത്തെ നേർവഴിക്കു നയിക്കാനുള്ള ചുമതല അവൾക്കു നിറവേറ്റേണ്ടതുണ്ട്. അതിനാലാണു ദൈവവിശ്വാസത്തെ നിഷേധിക്കുന്ന പ്രത്യയശാസ്ത്രങ്ങളെയും പ്രസ്ഥാനങ്ങളെയും സഭ എതിർക്കുന്നത്.

ക്രൈസ്തവവിശ്വാസികളെന്ന നിലയിൽ നമ്മളും പ്രസ്തുത സിദ്ധാന്തങ്ങളേയും പ്രസ്ഥാനങ്ങളെയും കുറിച്ച് ജാഗ്രത പാലിക്കുവാൻ കടപ്പെട്ടിരിക്കുന്നു.


THANK
YOU